FOCUS

ആർ സി സുരേഷ്കുമാർ



# കേരളത്തിലെ വനങ്ങളും സംരക്ഷിത പ്രദേശങ്ങളും

വനവും വന്യജീവി സമ്പത്തും പരിപാലിക്കാൻ താൽപര്യം കാണിച്ചിരുന്ന പല ഭരണാധികാരികളും കേരളചരിത്രത്തിലുണ്ട്. മലബാർ കലക്ടറായിരുന്ന എച്ച്.വി.കൊനോലി സായിപ്പാണ് ലോകത്തിലെ ആദ്യത്തെ തേക്കു പ്ലാന്റേഷനായ 'കൊനോലീസ് പ്ലോട്ട്' നിലമ്പൂരിൽ വികസിപ്പിച്ചത്. 1844ൽ ൽ ആരംഭിച്ച പ്ലോട്ട് മലപ്പുറം ജില്ലയിലാണ്. മദ്രാസ് ഫോറസ്റ്റ് ആക്ട് 1882ൽ നിലവിൽവന്നു. അതുപ്രകാരം കരിമ്പുഴ, വാളയാർ, സൈലന്റ് വാലി പ്രദേശങ്ങൾ 1883–87ൽ റിസർവ് വനമായി പ്രഖ്യാപിച്ചു. ട്രാവൻകൂർ ഫോറസ്റ്റ് ആക്ട് നിലവിൽവന്നത് 1887ൽ ആണ്. 1888ൽ തിരുവിതാംകൂറിലെ ആദ്യത്തെ റിസർവ് വനമായി കോന്നിയെ പ്രഖ്യാപിച്ചു. 1934ൽ ചിത്തിര തിരുനാൾ മഹാരാജാവിന്റെ കാലത്ത് ആരംഭിച്ച് നെല്ലിക്കാംപട്ടിയാണ് കേരളത്തിലെ ആദ്യത്തെ വന്യജീവി സങ്കേതം.

കേരളത്തിലെ വനങ്ങളിൽ ഉഷ്ണമേഖല മഴക്കാടുകൾ (Tropical Rain Forests) ,ഉഷ്ണമേഖല അർധ നിത്യഹരിതവനങ്ങളും (Tropical Semi-Ever green Forests) , ഉഷ്ണമേഖല നനവാർന്ന ഇലപൊഴിയുംവനങ്ങളും (Tropical Moist Deciduous Forests) എന്നിവയാണ് പ്രധാനമായും ഉൾപ്പെടുന്നത്. കണ്ടൽവനങ്ങളുടെ സാന്നിധ്യവും നാമമാത്രയെങ്കിലും ഉണ്ട്. കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കണ്ടൽവനമുള്ളത്. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ കണ്ടൽ വനങ്ങളില്ല. ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, ബയോസ്ഫിയർ റിസർവുകൾ, കമ്യൂണിറ്റി റിസർവുകൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങളും വനംവകുപ്പിന്റെ കീഴിലുണ്ട്. വനപ്രദേശത്തിന്റെ കാര്യത്തിൽ ഇടുക്കിജില്ലയ്ക്കാണ് ഒന്നാം സ്ഥാനം. ആലപ്പുഴയാണ് ഏറ്റവും പിന്നിൽ. ഇത് റിസർവ് വനപ്രദേശമില്ലാത്ത ഏക ജില്ലയാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളുമുള്ള ജില്ല ഇടുക്കിയാണ്. ആദ്യത്തെ വന്യജീവി സങ്കേതവും ദേശീയോദ്യാനവും സ്ഥാപിക്കപ്പെട്ടതും ഇവിടെയാണ്.സൈലന്റ് വാലി ഒഴികെ കേരളത്തിലെ എല്ലാ നാഷണൽ പാർക്കുകളും ഇടുക്കി ജില്ലയിലാണ് .

1971ലാണ് കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസ് നിയമമനുസരിച്ച് ദേവികുളം താലൂക്കിലെ രാജമല പ്രദേശങ്ങൾ സർക്കാർ ഏറ്റെടുത്തത്. 1975ൽ 97 ചതുരശ്രകിലോമീറ്റർ വരുന്ന പ്രദേശം സാങ്ചറിയായി പ്രഖ്യാപിച്ചു. 1978ൽ ദേശീയോദ്യാനമായി ഉയർത്തി. വംശനാശം നേരിടുന്ന വരയാടുകളാണ് (ശാസ്ത്രനാമം Nilgiritragus hylocrius) ഇവിടത്തെ പ്രത്യേകത. ദേശീയോദ്യാനത്തിൽ രാജമല ഭാഗത്ത് 12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞി (ശാസ്ത്രനാമം Strobilanthes kunthiana) ധാരാളം സന്ദർശകരെ ഇവിടേക്ക് ആകർഷിക്കുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഭാഗമായ ആനമുടി (8841 അടി) ഈ നാഷണൽ പാർക്കിനുള്ളിലാണ്. കേരളത്തിലെ ഏറ്റവും വലിയ ദേശീയോദ്യാനമാണ് ഇരവികുളം (97 ചതുരശ്ര കിലോമീറ്റർ).

കേരളത്തിലെ രണ്ടാമത്തെ ദേശീയോദ്യാനമായ സൈലന്റ് വാലി പാലക്കാട് ജില്ലയിലാണ്. 1984 നവംബർ 15–നാണ് നിലവിൽ വന്നത്. പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറേച്ചെരുവിൽ സ്ഥിതിചെയ്യുന്ന ഇതിന്റെ ആസ്ഥാനം മണ്ണാർക്കാടാണ്. ജനിതക വൈവിധ്യം കൊണ്ട് ലോകശ്രദ്ധ പിടിച്ചുപറ്റിയ സൈലന്റ് വാലിയുടെ പ്രത്യേകത ആദ്യം മനസ്സിലാക്കിയത് ബ്രിട്ടീഷുകാരാണ്. ചീവീടുകളുടെ ശബ്ദമില്ലാത്തതിനാൽ അവർ സൈലന്റ് വാലി (നിശ്ശബ്ദ താഴ്‌വര) എന്ന പേരു നൽകി. പേരു സൂചിപ്പിക്കുന്നതുപോലെ ഇത് നിശബ്ദ താഴ്‌വരയല്ല; പക്ഷികളുടെയും മൃഗങ്ങളുടെയുമൊക്കെ ശബ്ദത്താൽ സദാ മുഖരിതമാണ്. സൈരന്ധ്രീവനം എന്നാണ് ഇതിനെ മഹാഭാരതത്തിൽ പരാമർശിക്കുന്നത്. ഇപ്പോൾ ഈ പ്രദേശം നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമാണ്. നിരവധി അപൂർവയിനം ജന്തുക്കളുടെ ആവാസ കേന്ദ്രമായ സൈലന്റ് വാലി വംശനാശം നേരിടുന്ന സിംഹവാലൻ കുരങ്ങുകളുടെ പ്രധാന താവളമെന്ന നിലയിൽ പ്രശസ്തമാണ്. വെടിപ്ലാവുകളുടെ (ശാസ്ത്രനാമം Cullenia exarillata) ഫലലഭ്യതയാണ് (അയണിച്ചക്ക ) ഇവിടെ സിംഹവാലൻ കുരങ്ങിന് പ്രിയങ്കരമാക്കുന്നത്. 89.52 ചതുരശ്രകിലോമീറ്റർ വിസ്തീർണമുണ്ടായിരുന്ന ദേശീയോദ്യാനത്തിനോട് 2007–ൽ 148 ചതുരശ്രകിലോമീറ്റർ ബഫർസോൺകൂടി കൂട്ടിച്ചേർത്തതിന്റഎ ഫലമായി ഇപ്പോൾ രണ്ടുംകൂടി ചേർത്ത് 237.52 ചതുരശ്രകിലോമീറ്റർ വിസ്തീർണമുണ്ട്. 2383 മീറ്ററാണ് ഏറ്റവും ഉയർന്നഭാഗത്തിന്റെ ഉയരം. രാജവെമ്പാല, മൂർഖൻ, അണലി തുടങ്ങിയ ഉരഗങ്ങളും ഇവിടെ ധാരാളമുണ്ട്. 128 ഇനം ശലഭങ്ങളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്. ഭാരതപ്പുഴയുടെ പോഷകനദികളിലൊന്നായ കുന്തിപ്പുഴ ഈ സങ്കേതത്തിലൂടെ ഒഴുകുന്നു.



ദേശീയോദ്യാന പദവി ലഭിക്കുന്നതിനുമുമ്പ് സൈലന്റ് വാലിയിൽ ജലവൈദ്യുത പദ്ധതി നിർമിക്കുന്നതിനുള്ള സർക്കാർ നീക്കത്തിനെതിരെ പരിസ്ഥിതി പ്രേമികളും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും രംഗത്തെത്തിയിരുന്നു. പരിസ്ഥിതിക്ക് ഹാനിയുണ്ടാക്കാതെ ജലവൈദ്യുത പദ്ധതി നിർമിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാൻ പ്രൊഫ.എം.ജി.കെ.മേനോന്റെ നേതൃത്വത്തിൽ ഒരു സമിതിയെ നിയമിച്ചു. 1983–ൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പഠനവിധേയമാക്കിയ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു. സൈലന്റ് വാലി ദേശീയോദ്യാനമായപ്പോൾ രാജീവ് ഗാന്ധിയായിരുന്നു പ്രധാനമന്ത്രി.

ഇടുക്കി ജില്ലയിലാണ് മതികെട്ടാൻചോല, ആനമുടിച്ചോല, പാമ്പാടുംചോല എന്നീ ദേശീയോദ്യാനങ്ങൾ. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനമാണ് 2003 ഡിസംബർ 14–ന് നാഷണൽ പാർക്കായി പ്രഖ്യാപിച്ച പാമ്പാടുംചോല. 1.318 ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണം. ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിലാണിത്. ചോല പ്പുൽമേട് ആവാസവ്യവസ്ഥയാണ് ഇവിടുത്തേത്. സമുദ്രനിരപ്പിൽനിന്ന് 1600 മുതൽ 2400 മീറ്റർവരെ ഉയരത്തിലാണ് ഇതിന്റെ സ്ഥാനം.

മതികെട്ടാൻചോല ദേശീയോദ്യാനമാ

യി പ്രഖ്യാപിച്ചത് 2003ലാണ്. ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഇതിന്റെ വിസ്തീർണം 12.817 ചതുരശ്രകിലോമീറ്ററാണ്. അത്യപൂർവമായ ചോലപ്പുൽമേട് ആവാസവ്യവസ്ഥയാണ് ഇവിടെയുള്ളത്. 2003ലാണ് ആനമുടിച്ചോല ദേശീയോദ്യാനമായി പ്രഖ്യാപിച്ചത്. മറയൂർ വില്ലേജിലെ മന്നവൻചോല, ഇടിവരച്ചോല, പുല്ലരടിച്ചോല എന്നീ ഭാഗങ്ങളാണ് ആനമുടിച്ചോലയിലുള്ളത്. വിസ്തീർണം 7.5 ചതുരശ്ര കിലോമീറ്ററാണ്.

കേരളത്തിലെ ഏറ്റവും വലിയ വന്യജീവിസങ്കേതമായ പെരിയാർ ടൈഗർ റിസർവിന് 925 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുണ്ട് (മുമ്പ് 777.54 ച.കി.മീ.) 1895ൽ തമിഴ്നാട്ടിലെ ചില പ്രദേശങ്ങളിൽ ജലം ലഭ്യമാക്കുന്നതിന് പെരിയാറിൽ അണക്കെട്ട് നിർമിച്ചതോടെയാണ് തേക്കടി വന്യജീവി സങ്കേതത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. അണക്കെട്ടിൽ വെള്ളം നിറഞ്ഞപ്പോൾ മുങ്ങിപ്പോയ സ്വാഭാവിക വനങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റിയിരുന്നെങ്കിൽ വൻസാമ്പത്തിക നേട്ടം ഉണ്ടാകുമായിരുന്നു. എന്നാൽ, മരം മുറിക്കുമ്പോൾ വന്യജീവികൾ ആ പ്രദേശം ഉപേക്ഷിച്ചുപോകാനിടയുണ്ട് എന്നതിനാലാണ് അധികൃതർ മരങ്ങൾ മുറിക്കേണ്ട എന്നു തീരുമാനിച്ചത്. അങ്ങനെ, വന്യജീവി നിബിഡമായിരുന്ന തേക്കടി പ്രദേശം അതേരീതിയിൽ തുടരുകയും ചെയ്തു. അണക്കെട്ടിൽ വെള്ളമുയർന്ന് പെരിയാർ തടാകം രൂപംകൊണ്ടപ്പോൾ ജലം സുലഭമായതിനാൽ വന്യജീവികൾ തടാകക്കരയിൽ കേന്ദ്രീകരിക്കുകയും ചെയ്തു.

1899ൽ പെരിയാർ തടാകതീരത്തെ വനപ്രദേശങ്ങളെ ഉൾപ്പെടുത്തി 'പെരിയാർ ലേക്ക് റിസർവ്' രൂപവൽക്കരിച്ചു. 1933ൽ പെരിയാർ ലേക്ക് റിസർവിന്റെ ഗെയിം വാർഡനായി ചുമതലയേറ്റ എസ്.സി.എച്ച് റോബിൻസണിന്റെ ശുപാർശ പ്രകാരം തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ 1934ൽ 'നെല്ലിക്കാംപെട്ടി ഗെയിം സാങ്ചറി' എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ വന്യജീവി സങ്കേതം സ്ഥാപിച്ചു. പിന്നീട് ചില പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി സംരക്ഷിതമേഖലയുടെ വിസ്തീർണം വർധിപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തരം 1950ൽ 'പെരിയാർ വൈൽഡ് ലൈഫ് സാങ്ചറി' എന്ന് നാമകരണം ചെയ്തു. ഇന്ത്യയിലെ കടുവാ സംരക്ഷണ പദ്ധതിയിൽ (പ്രോജക്ട് ടൈഗർ) പെരിയാർ സങ്കേതവും 1979ൽ ഉൾപ്പെടുത്തി. 1991ൽ ഇവിടെ പ്രോജക്ട് എലിഫന്റ് പദ്ധതിയും നടപ്പാക്കി. ആന, കടുവ എന്നിവയാണ് ഇവിടത്തെ പ്രധാനമൃഗങ്ങൾ. മലമുഴക്കി വേഴാമ്പലാണ് പക്ഷികളിൽ പ്രധാനം. വിവിധയിനം മാനുകൾ, കരടി, കാട്ടുപോത്ത് എന്നിവയ്ക്കുപുറമേ നിരവധി അപൂർവയിനം ജന്തുജാലങ്ങളാലും സമൃദ്ധമാണ് ഈ വനപ്രദേശം. ഇന്ത്യയിലെ പത്താമത്തെ കടുവാ സങ്കേതമായ ഇതിന്റെ ആസ്ഥാനം തേക്കടിയാണ്. കേരളത്തിലെ വന്യജീവിസങ്കേതങ്ങളിൽ, ഇവിടെ മാത്രമാണ് കടുവയെ സംരക്ഷിക്കുന്നത്. 900 മുതൽ 2000 മീറ്റർവരെയാണ് ദേശീയോദ്യാനത്തിലുള്ള



പ്രദേശങ്ങളുടെ ഉയരം. ഏറ്റവും ഉയരമുള്ള ഭാഗമായ കോട്ടമലയുടെ ഉയരം 2016 മീറ്ററാണ്. ശരാശരി വാർഷിക മഴലഭ്യത 1700 മില്ലീമീറ്ററാണ്.

കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തുള്ള വന്യജീവി സങ്കേതമാണ് നെയ്യാർ. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിലാണ് സാങ്ചറി. സംരക്ഷിത മേഖലയുടെ വിസ്തീർണം 128 ചതുരശ്ര കിലോമീറ്ററാണ്. നെയ്യാറിന്റെയും പോഷകനദികളായ മുല്ലയാറിന്റെയും കല്ലാറിന്റെയും തടപ്രദേശത്താണ് വന്യജീവിസങ്കേതം സ്ഥിതി ചെയ്യുന്നത്. 1958 ആഗസ്ത് ആറിന് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. അഗസ്ത്യകൂടം, ചോറ്റുപാറ,വരയാടുമുടി എന്നീ പ്രദേശങ്ങൾ നെയ്യാർ സങ്കേതത്തിലുണ്ട്. ആറു വ്യത്യസ്തയിനം കാടുകളാണ് മറ്റൊരു പ്രത്യേകത. ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ നെയ്യാർഡാം സാങ്ചറിയുടെ കവാടത്തിലാണ്. ചീങ്കണ്ണികളുടെ വംശനാശം തടയുന്നതിന് 1976ൽ സംസ്ഥാന വനംവകുപ്പ് നെയ്യാർഡാമിനരികിൽ ചീങ്കണ്ണി വളർത്തൽ കേന്ദ്രം തുടങ്ങി. സിംഹങ്ങൾ സ്വതന്ത്രമായി വിഹരിക്കുന്നത് നിരീക്ഷിക്കാൻ സൗകര്യമുള്ള ലയൺ സഫാരി പാർക്ക് ഇവിടെയുണ്ട്. ശരാശരി വാർഷിക മഴലഭ്യത 2800 മില്ലീമീറ്ററാണ്.39 ഇനം സസ്തനങ്ങൾ, 176 ഇനം പക്ഷികൾ, 30 ഇനം ഉരഗങ്ങൾ, 17 ഇനം ഉഭയജീവികൾ 40 ഇനം മത്സ്യങ്ങൾ എന്നിവയുടെ സാന്നിധ്യം ഇവിടെ കണ്ടെത്തിയിട്ടുണ്ട്. കടുവ, പുലി, കരടി, ആന തുടങ്ങിയവയാണ് സാധാരണ കണ്ടുവരുന്ന സസ്തനങ്ങൾ.

തൃശ്ശൂർ,തലപ്പിള്ളി താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന പീച്ചി-വാഴാനി സാങ്ചറിയുടെ വിസ്തീർണം 125 ചതുരശ്രകിലോമീറ്ററാണ്. 1958 ആഗസ്ത് ആറിന് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. മൂന്നുതരം കാടുകളാണ് ഇവിടെയുള്ളത്. തൃശ്ശൂരിൽനിന്ന് 20 കിലോമീറ്റർ ദൂരെയായി സ്ഥിതിചെയ്യുന്ന വന്യജീവിസങ്കേതത്തിന്റെ ഉയരം 45 മുതൽ 900 മീറ്റർവരെയാണ്. ശരാശരി3000 മില്ലീമീറ്റർ മഴ പ്രതിവർഷം ലഭിക്കുന്നു. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളാൽ സമ്പന്നമായ ഇവിടെ 39 ഇനം സസ്തനങ്ങളുണ്ട്. കടുവ, പുലി, കരടി, ആന എന്നിവയാണ് ഇവിടെ സാധാരണമായി കാണപ്പെടുന്ന സസ്തനങ്ങൾ.

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലാണ് പറമ്പിക്കുളം വന്യജീവി സങ്കേതം. 1962 ജൂലായ് 24ന് ഇത് സാങ്ചറിയായി പ്രഖ്യാപിച്ചു. 1973 ഫിബ്രവരി 12ന് പറമ്പിക്കുളം എന്ന് നാമകരണം ചെയ്തു. 285 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വന്യജീവി സങ്കേതത്തിന്റെ ആസ്ഥാനം തുണക്കടവാണ്. കേരളത്തിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും തമിഴ്നാട്ടിലെ പൊള്ളാച്ചിയിലൂടെ മാത്രമേ ഇവിടെ പ്രവേശിക്കാൻ കഴിയൂ. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളാൽ സമ്പന്നമാണ് പറമ്പിക്കുളം. കേരളത്തിലെ സാഞ്ചറികളിൽ ഏറ്റവും കൂടുതൽ കാട്ടുപോത്തുകളുള്ളത് ഇവിടെയാണ്. ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള തേക്കുമരമായ കന്നിമരം ഈ സ്ഞ്ചറിയിലാണ്. ഏകദേശം 360 വർഷമാണ് ഇതിന്റെ പഴക്കം. 1400 മുതൽ 2300 മില്ലിമീറ്റർവരെ വാർഷിക മഴലഭ്യതയുള്ള പ്രദേശങ്ങളാണ് ഇവിടെയുള്ളത്. 300 മുതൽ 1440 മീറ്റർവരെയാണ് പ്രദേശത്തിന്റെ ഉയരം. 1438 മീറ്റർ ഉയരമുള്ള കരിമല പ്രധാന കൊടുമുടിയാണ്. ജലാശയത്തിലേക്ക് പതിക്കുന്ന തുവൈയാർ വെള്ളച്ചാട്ടം ഇവിടുത്തെ ഒരു പ്രധാന ആകർഷണമാണ്. ഔഷധസസ്യസംബന്ധമായ ഒരു ഡെമോ ഗാർഡനും ആധുനികരീതിയിലുള്ള വൈൽഡ് ലൈഫ് ഇന്റർപ്രട്ടേഷൻ സെന്ററും ഇവിടെ ഒരുക്കിയിട്ടുണ്ട്.

കേരളത്തിലെ വന്യജീവിസങ്കേതങ്ങളിൽ ഒരു ജില്ലയുടെ പേരിൽ അറിയപ്പെടുന്നത് വയനാട് സാങ്ചറി മാത്രമാണ്. 344.4 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിയുള്ള ഇതിന് സംസ്ഥാനത്തെ വന്യജീവിസങ്കേതങ്ങളിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനമുണ്ട്. സുൽത്താൻ ബത്തേരിയാണ് സാങ്ചറിയുടെ ആസ്ഥാനം. സാങ്ചറിയുടെ കിടപ്പ് രണ്ടു ഭാഗങ്ങളായിട്ടാണ്. ഒരു ഭാഗം മുത്തങ്ങ വന്യജീവി സങ്കേതമെന്നും മറ്റേത് ബേഗൂർ വന്യജീവി സങ്കേതമെന്നും അറിയപ്പെടുന്നു. നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമാണ് വയനാട് സങ്കേതം. 1973ലാണ് വയനാട്ടിലെ വനപ്രദേശം സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചത്. 1984 ഒക്ടോബർ 15ന് സ്വയംഭരണാധികാരമുള്ള വൈൽഡ് ലൈഫ് ഡിവിഷനായി രൂപംകൊണ്ടു. തമിഴ്നാട്ടിലെ മുതുമലൈ വന്യജീവി സങ്കേതവും കർണാടകത്തിലെ ബന്ദിപ്പൂർ ടൈഗർ റിസർവും നാഗർഹോള ദേശീയോദ്യാനവും വയനാട് സാങ്ചറിയുമായി അതിർത്തി പങ്കിടുന്നു. മുത്തങ്ങയിൽ പല സ്ഥലങ്ങളിലും ആദിവാസികളുടെ താവളങ്ങളുണ്ട്. പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ധീരമായ പോരാട്ടത്തിന്റെ വേദിയായിരുന്നു ഈ മലനിരകൾ. 650 മുതൽ 1150 മീറ്റർവരെ ഉയരമുള്ള പ്രദേശങ്ങളാണ് ഇവിടെയുള്ളത്. ഏറ്റവും ഉയരംകൂടിയ പ്രദേശമായ കരോട്ടി മലയുടെ ഉയരം 1158 മീറ്ററാണ്. ശരാശരി 2000 മില്ലിമീറ്റർ മഴ വർഷംതോറും ലഭിക്കുന്നു. ചെറുപുഴ, ബാവലിപ്പുഴ, കബനി, കണ്ണാരംപുഴ തുടങ്ങിയ ജലപ്രവാഹങ്ങളുടെ തടപ്രദേശത്താണ് ഈ സങ്കേതം. തേക്ക്, താന്നി, ഈട്ടി മുതലായ വൃക്ഷങ്ങളാൽ നിബിഡമായ ഈ പ്രദേശത്ത് ആന, കടുവ, മാൻ, കുരങ്ങ് തുടങ്ങി നാൽപത്തഞ്ചോളം ഇനം സസ്തനങ്ങളും കാണപ്പെടുന്നു.

ഇടുക്കി ജില്ലയിൽ തൊടുപുഴ, ഉടുമ്പൻചോല താലൂക്കുകളിൽ വ്യാപിച്ചുകിടക്കുന്ന ഇടുക്കി വന്യജീവി സങ്കേതത്തിന് 105. 364 ചതുരശ്രകിലോമീറ്റർ (മുമ്പ് 70) വിസ്തൃതിയുണ്ട്. ഇടുക്കി ജലസംഭരണിക്കുചുറ്റുമുള്ള പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. 1976 ഫിബ്രവരി 9നാണ് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. സാങ്ചറിയുടെ ആസ്ഥാനം പൈനാവാണ്. 400 മുതൽ 1272 മീറ്റർ വരെയാണ് ഈ സങ്കേതത്തിലെ പ്രദേശങ്ങളുടെ ഉയരം. ഏറ്റവും ഉയരംകൂടിയ ഭാഗം വഞ്ചുർ മേടാണ് (1272 മീ.). ശരാശരി 3800 മില്ലിമീറ്റർ മഴ ലഭിക്കുന്നു. പെരിയാറും ചെറുതോണിയാറുമാണ് സങ്കേതപ്രദേശത്തിലൂടെ ഒഴുകുന്ന പ്രധാന നദികൾ. 33 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഇടുക്കി ജലസംഭരണിയും സങ്കേതത്തിന്റെ ഭാഗമാണ്. തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ നിറഞ്ഞഈ പ്രദേശം സസ്യജാല വൈവിധ്യംകൊണ്ട് അതിസമ്പന്നമാണ്. ആന, മാൻ, കുരങ്ങ്,കുറുക്കൻ തുടങ്ങിയവയാണ് സാധാരണമായി കണ്ടുവരുന്ന സസ്തനങ്ങൾ.

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ റേഞ്ചിലെ മലയാറ്റൂർ റിസർവ് വനഭാഗത്താണ് തട്ടേക്കാട് പക്ഷിസങ്കേതം. കേരളത്തിലെ പ്രഥമ പക്ഷിസങ്കേതമായ ഇതിന്റെ പ്രത്യേകത ആദ്യമായി ചൂണ്ടിക്കാണിച്ചത് പ്രശസ്ത ഓർണിത്തോളജിസ്റ്റായ ഡോ.സാലിം അലിയാണ്. പക്ഷിസങ്കേതത്തിന്റെ വിസ്തീർണം 25.16 ചതുരശ്രകിലോമീറ്ററാണ്. 1983 ആഗസ്ത് 27ന് സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു. 35 മുതൽ 488 മീറ്റർവരെ ഉയരമുള്ള പ്രദേശങ്ങൾ ഈ സങ്കേതത്തിന്റെ ഭാഗമാണ്. 1400 മുതൽ 2300 മില്ലീമീറ്റർവരെ മഴ ലഭിക്കുന്നു. പെരിയാർ, ഇടമലയാർ നദികളുമായി ചേർന്നുകിടക്കുന്ന ചതുപ്പുപ്രദേശങ്ങൾ സങ്കേതത്തിലുൾപ്പെടുന്നു. ഇതിന്റെ ഒരുഭാഗം ഭൂതത്താൻകെട്ട് അണക്കെട്ട് വന്നപ്പോൾ അതിൽ മുങ്ങിപ്പോയി. ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖല അർധ-നിത്യഹരിത വനങ്ങൾ, ഈർപ്പമുള്ള ഇലപൊഴിയുംവനങ്ങൾ എന്നിവയാണ് ഇവിടെ കാണുന്ന സസ്യജാലം. 34 ഇനം സസ്തനങ്ങളും 270 ഇനം പക്ഷികളും ഇവിടെയുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലാണ് പേപ്പാറ വന്യജീവി സങ്കേതം. 53 ചതുരശ്രകിലോമീറ്റർ വിസ്തൃതി. തിരുവനന്തപുരം നഗരത്തിലും പരിസരപ്രദേശങ്ങളിലും ശുദ്ധജലം പ്രദാനം ചെയ്യുന്ന അരുവിക്കര അണക്കെട്ടിലേക്ക് വെള്ളമെത്തിക്കാൻ കരമനയാറിനുകുറുകെ പേപ്പാറയിൽ 1983ൽ ഒരു ബഫർ ഡാം പണികഴിപ്പിച്ചു. ഇതിന്റെ ജലസംഭരണിക്കു ചുറ്റുമുള്ള പ്രദേശങ്ങൾ അതേ വർഷം ഡിസംബർ 21ന് സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുകയും ചെയ്തു. ആറുതരം വ്യത്യസ്ത കാടുകൾ ഇവിടെയുണ്ട്. പേപ്പാറയും സമീപത്തുള്ള പൊൻമുടി സുഖവാസകേന്ദ്രവും ധാരാളം സഞ്ചാരികളെ ആകർഷിക്കുന്നു.100 മുതൽ 1717 മീറ്റർവരെ ഉയരമുള്ള ഈ പ്രദേശത്ത് 2500 മില്ലീമീറ്റർ മഴ ലഭിക്കുന്നു. ഉയരംകൂടിയ ഭാഗമായ ചെമ്മുഞ്ചിമൊട്ടയുടെ ഉയരം 1717 മീറ്ററാണ്. അതിരുമല(1594മീ.), ആറുമുഖം കുന്ന് (1457 മീ.), കോവിൽതേരിമല (1313 മീ.) എന്നിവയും ഉയരംകൂടിയ ഭാഗങ്ങളാണ്. 5.82 ച.കി.മീ.വിസ്തൃതിയുള്ള പേപ്പാറ ജലസംഭരണിയും സങ്കേതത്തിലുൾപ്പെടുന്നു. 43 ഇനം സസ്തനങ്ങളും 233 ഇ





നം പക്ഷികളും 46 ഇനം ഉരഗങ്ങളും കണ്ടെത്തപ്പെട്ടിട്ടുള്ള ഈ സങ്കേതത്തിൽ കടുവ, പുലി, കരടി, ആന, കുരങ്ങ് എന്നിവയാണ് സാധാരണ കാണപ്പെടുന്ന സസ്തനങ്ങൾ. കരമനയാറും പോഷകനദികളുമാണ് വന്യജീവിസങ്കേതത്തിന് ജലസാന്നിധ്യം പകരുന്നത്.

ഇടുക്കി ജില്ലയുടെ വടക്കേയറ്റത്ത് തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്ന ചിന്നാർ ഒരു മഴനിഴൽ പ്രദേശമാണ്. 90.44 ചതുരശ്രകിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന വനപ്രദേശങ്ങൾ 1984 ആഗസ്ത് 4നാണ് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. ചിന്നാറാണ് വന്യജീവി സങ്കേതത്തിന്റെ ആസ്ഥാനം. ചാമ്പൽ മലയണ്ണാൻ (Grizzled giant squirrel) എന്ന അപൂർവജീവി ഇവിടത്തെ പ്രത്യേകതയാണ്. നക്ഷത്ര ആമയാണ് മറ്റൊരു പ്രധാന ജീവി. മയിലുകൾ ഇവിടെ ധാരാളമുണ്ട്. വന്യജീവി സങ്കേതത്തിന്റെ അധികഭാഗവും ഇലപൊഴിയും വനങ്ങളാണ്. ഇവിടെ ചന്ദന മരങ്ങളും ഉണ്ട്. പാമ്പാർ നദി സാങ്ച്വറിയിലൂടെ ഒഴുകുന്നു. തമിഴ്നാട്ടിലെ ആനമലൈ വന്യജീവി സങ്കേതവുമായി ചിന്നാർ സങ്കേതം അതിർത്തി പങ്കിടുന്നു. 500 മുതൽ 2400 മീറ്റർവരെ ഉയരത്തിലുള്ള പ്രദേശങ്ങൾ സങ്കേതത്തിന്റെ ഭാഗമാണ്. 2144 മീറ്റർ ഉയരമുള്ള കോട്ടകൊമ്പുമലയാണ് ഏറ്റവും ഉയരംകൂടിയ ഭാഗം. 100 മില്ലിമീറ്റർമാത്രം മഴ ലഭിക്കുന്ന ഈ സങ്കേതം മഴലഭ്യതയുടെ കാര്യത്തിൽ സംസ്ഥാനത്തെ വന്യജീവിസങ്കേതങ്ങൾക്കിടയിൽ ഏറ്റവും പിന്നിലാണ്. സങ്കേതത്തിന്റെ സിംഹഭാഗവും പുൽമേടുകളാണ്. ചിലഭാഗങ്ങൾ ചോല പ്രദേശങ്ങളാണ്. 34 ഇനം സസ്തനങ്ങളും 245 ഇനം പക്ഷികളും ഇവിടെയുണ്ട്. ആന, പുള്ളിമാൻ, പാന്തർ, ഹനുമാൻ കുരങ്ങ് തുടങ്ങിയവയാണ് സാധാരണമായി കാണുന്ന സസ്തനങ്ങൾ.

കൊല്ലം ജില്ലയിലെ ഏക വന്യജീവി സങ്കേതമാണ് പത്തനാപുരം താലൂക്കിൽ സ്ഥിതിചെയ്യുന്ന ചെന്തുരുണി. 1984 ആഗസ്ത് 25ന് നിലവിൽവന്ന വന്യജീവിസങ്കേതത്തിന്റെ വിസ്തീർണം 171 ചതുരശ്ര കിലോമീറ്ററാണ്. കുളത്തുപ്പുഴ റിസർവ് വനത്തിന്റെ ഭാഗമായ ഇവിടെ നാലുതരം കാടുകളാണുള്ളത്. തെന്മല അണക്കെട്ടിന്റെ (പരപ്പാറ ഡാം) ജലസംഭരണിയും പരിസരവനങ്ങളും ഇതിന്റെ സംരക്ഷിതമേഖലയിൽ ഉൾപ്പെടും. ചെന്തുരുണി മരങ്ങൾ (Ghuta travancorica) ധാരാളമായി വളരുന്നതിനാലാണ് ആ പേരു ലഭിച്ചത്. ഇവിടെ തേക്കു വളരാറില്ല. ചെന്തുരുണി, കുളത്തുപ്പുഴ, കഴുതുരുട്ടിയാർ എന്നിവയാണ് ഈ സങ്കേതത്തിലൂടെ ഒഴുകുന്ന ജലപ്രവാഹങ്ങൾ. ഇവ യോജിച്ചാണ് കല്ലടയാർ രൂപംകൊള്ളുന്നത്. 34 ഇനം സസ്തനങ്ങളും 245 ഇനം പക്ഷികളും കാണപ്പെടുന്ന ഈ പ്രദേശം 2600 മുതൽ 3000 മില്ലീമീറ്റർവരെ മഴ ലഭിക്കുന്നു. 100 മുതൽ 1550 മീറ്റർവരെയാണ് ഉയരം. ഏറ്റവും ഉയരംകൂടിയ ഭാഗമായ ആഴ്വാർകുറിച്ചിക്ക് 1550 മീറ്ററാണ് ഉയരം.

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലാണ് ചിമ്മിനി സാങ്ച്വറി. 85.067 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള (മുമ്പ് 75) വന്യജീവി സങ്കേതത്തിന്റെ ആസ്ഥാനം എച്ചിപ്പാറയാണ്. 1984 ആഗസ്ത് 25ന് സാങ്ച്വറിയായി പ്രഖ്യാപിച്ചു. ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖല അർധ–നിത്യഹരിത വനങ്ങൾ, ഈർപ്പമുള്ള ഇലപൊഴിയുംവനങ്ങൾ എന്നീ മൂന്നുതരം വനങ്ങളുള്ള ഈ മേഖലയിൽ വിവിധയിനം കുരങ്ങുകളും കടുവ,പുലി തുടങ്ങിയ വന്യജീവികളും ധാരാളമുണ്ട്. 40 മുതൽ 1110 മീറ്റർവരെ ഉയരത്തിലാണ് പ്രദേശങ്ങൾ. ഏറ്റവും ഉയരംകൂടിയ ഭാഗം പുണ്ടകൊടുമുടി (1116 മീ.). 2980 മില്ലീമീറ്ററാണ് ശരാശരി മഴലഭ്യത. ചിമ്മിനി നദിക്ക് കുറുകെ അണക്കെട്ട് നിർമിച്ചതിന്റെ ഫലമായി രൂപംകൊണ്ടതും 10 ച.കി.മീ. വിസ്തീർണമുള്ളതുമായ ജലസംഭരണിയും ഈ സങ്കേതത്തിന്റെ ഭാഗമാണ്.


കണ്ണൂർ ജില്ലയിലെ ഒരേയൊരു വന്യജീവി സങ്കേതമാണ് തലശ്ശേരി താലൂക്കിലുള്ള ആറളം. 1984 ഒക്ടോബർ 15നാണ് സാങ്ച്വറിയായി പ്രഖ്യാപിച്ചത്. 55 ചതുരശ്രകിലോമീറ്ററാണ് വിസ്തീർണം. 650 മുതൽ 1150 മീറ്റർവരെ ഉയരത്തിലാണ് ഇത് സ്ഥിതിചെയ്യുന്നത്. 3700 മുതൽ 5000വരെ മില്ലിമീറ്ററാണ് ശരാശരി മഴലഭ്യത. ചീങ്കണ്ണിപ്പുഴയാണ് സങ്കേതത്തിന്റെ തെക്കുഭാഗത്തെ പ്രധാന ജലസ്രോതസ്സ. നരിക്കടവ് തോട്, കുറുക്കത്തോട്, മീൻമുട്ടിത്തോട് എന്നിവ ഉത്തരഭാഗത്തുനിന്ന് തെക്കോട്ടൊഴുകി ചീങ്കണ്ണിപ്പുഴയിൽ ചേരുന്നു. വിവിധയിനം പക്ഷികളുടെ സാന്നിധ്യംകൊണ്ട് സമ്പന്നമാണ് ആറളം. 188 ഇനം പക്ഷികൾ കാണപ്പെടുന്ന ആറളത്ത് 23 ഇനം സസ്തനങ്ങളുമുണ്ട്. ആന, കടുവ, പുള്ളിമാൻ, കുരങ്ങ് എന്നിവയെ ഇവിടെ സാധാരണമായി കാണാൻ സാധിക്കും.

കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്താണ് മംഗളവനം ദ്വീപ്. 2004ൽ പക്ഷി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട ഇത് കേരളത്തിലെ ഏറ്റവും ചെറിയ വന്യജീവി സങ്കേതമാണ്. 0.0274 ചതുരശ്രകിലോമീറ്ററാണ് വിസ്തൃതി. കണ്ടൽക്കാടുകളും മരങ്ങളും നിറഞ്ഞ് സ്വാഭാവിക വനപ്രദേശമായി മാറിയ ഈ ദ്വീപ് ദേശാടനപ്പക്ഷികൾ ഉൾപ്പെടെ വിവിധയിനം പക്ഷികളുടെ അഭയ സങ്കേതമാണ്. വമ്പൻ വാവലുകളെയും ഇവിടെ കാണാം. പക്ഷികളെക്കൂടാതെ ചിലന്തികളാണ് മംഗളവനത്തിലെ മറ്റൊരു ആകർഷണം.

2006 ഒക്ടോബറിൽ നിലവിൽവന്ന കുറിഞ്ഞിമല സാങ്ച്വറി ഇടുക്കി ജില്ലയിലാണ്. 12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞി (സ്ട്രോബിലാന്തസ് കുന്തിയാനസ്)കളുടെ സംരക്ഷണാർഥമാണ് സാങ്ച്വറി സ്ഥാപിച്ചത്. ദേവികുളം താലൂക്കിലെ കൊട്ടാക്കമ്പൂർ,വട്ടവട വില്ലേജുകളിലെ 32 ചതുരശ്രകിലോമീറ്റർ പ്രദേശമാണ് സാങ്ച്വറിയിൽ ഉൾപ്പെടുന്നത്.

ദേശീയ പക്ഷിയായ മയിലിന്റെ (ശാസ്ത്രനാമം പാവോ ക്രിസ്റ്റാറ്റസ്) സംരക്ഷണാർഥം 2007ൽ പാലക്കാട് ജില്ലയിലെ ചൂളന്നൂരിലെ 3.42 ചതുരശ്രകിലോമീറ്റർ പ്രദേശം സാങ്ച്വറിയായി പ്രഖ്യാപിച്ചു. കേരളത്തിൽ മയിലിനുവേണ്ടിയുള്ള ആദ്യ സാങ്ച്വറിയാണിത്. ചൂളന്നൂർ– മല്ലേശമംഗലം വനങ്ങളാണ് കേരളത്തിൽ മയിലിന്റെ പ്രധാന ആവാസ കേന്ദ്രം.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചാക്കിട്ടപ്പാറ, കൂരാച്ചുണ്ട് വില്ലേജുകളിലായി 74.21 ച.കി.മീ. വിസ്തീർണത്തിൽ വ്യാപിച്ചുകിടക്കുന്ന മലബാർ വന്യജീവി സങ്കേതം നീലഗിരി ബയോസ്ഫിയർ റിസർവിന്റെയും വയനാട് എലിഫന്റ് റിസർവിന്റെയും ഭാഗമാണ്. 2010–ലാണ് സങ്കേതം നിലവിൽവന്നത്. കുറ്റ്യാടി നദിയുടെ തടപ്രദേശങ്ങൾ സങ്കേതത്തിന്റെ ഭാഗമാണ്. ഇരുനൂറിലധികം ഇനം ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യജാലങ്ങളാൽ സമ്പന്നമായ ഇവിടെ 43 ഇനം സസ്തനങ്ങളും 179 ഇനം പക്ഷികളും അധിവസിക്കുന്നു. പെരുവണ്ണാമുഴി, കക്കയം അണക്കെട്ടുകളോടനുബന്ധമായി ഇക്കോടൂറിസം പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. അവയും ഉരക്കുഴി വെള്ളച്ചാട്ടവും വിനോദ സഞ്ചാരികളെ ധാരാളമായി ഇവിടേക്ക് ആകർഷിക്കുന്നു.



കേരളം രണ്ട് ബയോസ്ഫിയർ റിസർവുകളുടെ പരിധിയിൽ ഉൾപ്പെടുന്നു. 1986 സെപ്തംബർ ഒന്നിന് യുനെസ്കോയുടെ Man and Biosphere Programme ന്റെ ഭാഗമായി നിലവിൽവന്ന നീലഗിരി ബയോസ്ഫിയർ റിസർവ് ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. 5520.40 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള ഇത് കേരളം, തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. സൈലന്റ് വാലി നാഷണൽ പാർക്കും വയനാട് സാങ്ച്വറിയും കേരളത്തിലെ മറ്റു ചില വനപ്രദേശങ്ങളും ഇതിന്റെ ഭാഗമാണ്. 1455.40 ച.കി.മീ.പ്രദേശമാണ് കേരളത്തിൽനിന്ന് ഈ ബയോസ്ഫിയർ റിസർവിൽ ഉൾപ്പെടുന്നത്.

2001 നവംബർ 12ന് നിലവിൽവന്ന അഗസ്ത്യമല ബയോസ്ഫിയർ റിസർവ് കേരളത്തിൽമാത്രമായി സ്ഥിതിചെയ്യുന്നു. നെയ്യാർ, പേപ്പാറ,ചെന്തുരുണി വന്യജീവി സങ്കേതങ്ങളും അച്ചൻകോവിൽ, തെന്മല, കോന്നി, പുനലൂർ തുടങ്ങിയ സമീപത്തെ ചില ഫോറസ്റ്റ് ഡിവിഷനുകളിലെ വനപ്രദേശങ്ങളും അഗസ്ത്യമല ബയോളജിക്കൽ പാർക്കും ഇതിൽ ഉൾപ്പെടും. 1828 ച.കി.മീ. പ്രദേശമാണ് ഈ ബയോസ്ഫിയർ റിസർവിൽ ഉൾപ്പെടുന്നത്.

## വന്യജീവികൾ

കേരളത്തിലെ വനങ്ങൾ നാനാവിധത്തിലുള്ള വന്യജീവികളാൽ സമ്പന്നമാണ്. ഇവയിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് സസ്തനങ്ങൾ. ആന മുതൽ മുയൽവരെയുള്ള സസ്യഭുക്കുകളും കടുവ മുതൽ കാട്ടുപൂച്ചവരെയുള്ള മാംസഭോജികളും സൃഷ്ടിക്കുന്ന വൈവിധ്യം കേരളീയ വനങ്ങളെ പ്രകൃതി നിരീക്ഷർക്ക് ആവേശം പകരാൻ പര്യാപ്തമാണ്.

പെരിയാർ ടൈഗർ റിസർവിൽ ആനക്കൂട്ടങ്ങളെ സാധാരണമായി കാണാൻ കഴിയും. കരയിലെ ഏറ്റവും വലിയ സസ്തനമാണ് ആന. ഭൂമുഖത്ത് ഇപ്പോൾ രണ്ടുതരം ആനകളാണുള്ളത്– ആഫ്രിക്കൻ ആനയും ഏഷ്യൻ ആനയും. രണ്ടാമത്തേതാണ് ഇന്ത്യയിലുള്ളത്. ആഫ്രിക്കൻ ആനകളിൽ ആണിനും പെണ്ണിനും നീണ്ട കൊമ്പുണ്ട്. ആഫ്രിക്കൻ ആണാനയ്ക്ക് പൊക്കം ഏറ്റവും കൂടുതൽ പതിമൂന്ന് അടിയോളം വയ്ക്കാറുണ്ട്. ഇന്ത്യൻ കൊമ്പനാനയ്ക്ക് പത്തര അടിയും. ഇന്ത്യയിലും ശ്രീലങ്കയിലും കൊമ്പില്ലാത്ത ആണാനകളുണ്ട്. ഇതിനെ മോഴ എന്നാണു പറയുന്നത്.

ആകെ നാല് പല്ലുകളാണ് ആനയ്ക്കുള്ളത്. ആനയുടെ കൊമ്പ് അതിന്റെ ഉളിപ്പല്ലിന് രൂപാന്തരണം സംഭവിച്ചതാണ്. ചില ആനകളിൽ കൊമ്പ് രണ്ടര മീറ്ററോളം വളരാറുണ്ട്. ഇതിനുള്ളിൽ മജ്ജയും രക്തധമനികളുമടങ്ങിയ ഒരു വിടവു കാണാം. ഈ വിടവ് ക്രമേണ നേർത്ത് കൊമ്പിന്റെ അഞ്ചിലൊരുഭാഗം ബാക്കിയിരിക്കെ അവസാനിക്കുന്നു. പിടിയാനയുടെ കൊമ്പ് 20 സെന്റീമീറ്ററിലേറെ വളരാറില്ല. ഇതിനെ തേറ്റയെന്നാണ് പറയുന്നത്. മൂക്കും മേൽച്ചുണ്ടും രൂപപരിണാമത്തിന് വിധേയമായതാണ് തുമ്പിക്കൈ.

ആഫ്രിക്കൻ ആനയ്ക്കാണ് ആയുസ്സ് കൂടുതൽ. ആനയുടെ ആയുസ്സ് 70 മുതൽ 80 വർഷം വരെയാണ്. 13–14 വയസ്സാകുമ്പോൾ പ്രായപൂർത്തിയാകും. ഏറ്റവും നീണ്ട ഗർഭകാലമുള്ള സസ്തനം ഏഷ്യൻ ആനയാണ്. ഗർഭകാലം, ശിശു ആണായാൽ 22 മാസവും പെണ്ണായാൽ 18 മാസവുമാണ്. മറ്റു നാൽക്കാലികളിൽനിന്ന് വ്യത്യസ്തമായി ആനയുടെ മുലകൾ അതിന്റെ മുൻ കാലുകൾക്കിടയിലാണ് സ്ഥിതിചെയ്യുന്നത്.

നിരവധി പ്രത്യേകതകളുള്ള ജീവിയാണ് ആന. കരയിലെ മൃഗങ്ങളിൽ ഏറ്റവും ശ



ക്കനാണത്. ജിറാഫ് കഴിഞ്ഞാൽ കരയിലെ ജീവികളിൽ ഏറ്റവും ഉയരം കൂടുതൽ ആനയ്ക്കാണ്. ഏറ്റവും വലിയ ചെവിയുള്ള ജീവി, കരയിലെ മൃഗങ്ങളിൽ ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന ജീവി എന്നീ പ്രത്യേകതകളും ആനയ്ക്ക് സ്വന്തമാണ്. വിരലുകളില്ലെങ്കിലും ആനയ്ക്ക് നഖമുണ്ട്. നാലു കാൽമുട്ടുകളും ഒരേപോലെ മടക്കാൻ കഴിയുന്ന ഏക മൃഗവും ആനയാണ്. ആനയുടെ ആകെ അസ്ഥികൾ 288 ആണ്. ആനയുടെ എല്ലാ അസ്ഥികളും പത്തനംതിട്ടയിലെ ഗവി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ആന പരിശീലന കേന്ദ്രമെന്ന നിലയിൽ പ്രശസ്തമാണ് എറണാകുളം ജില്ലയിലെ കോടനാട്.

പെരിയാർ ടൈഗർ റിസർവിലാണ് ഏറ്റവും കൂടുതൽ കടുവകളുള്ളത്. ഇരവികുളം നാഷണൽ പാർക്കിലും പറമ്പിക്കുളം വന്യജീവി സങ്കേതത്തിലും കടുവകളെ കാണാൻ കഴിയും. രാത്രീഞ്ചരനായ ഈ ജീവി പകൽ ഗുഹകളിലോ നദീതീരങ്ങളിലോ വിശ്രമിക്കും. ഒറ്റയായിട്ടാണ് സഞ്ചാരം.

മാർജ്ജാര വർഗത്തിലെ ഏറ്റവും വലിയ ജീവിയാണ് കടുവ. ഇവയിൽ സൈബീരിയൻ കടുവയ്ക്കാണ് ഏറ്റവും കൂടുതൽ വലിപ്പം. ഇന്ത്യയിൽ കാണപ്പെടുന്ന ഇനം റോയൽ ബംഗാൾ ടൈഗർ എന്ന ഇനമാണ്. പാന്തെറ ടൈഗ്രിസ് എന്നാണ് ശാസ്ത്രനാമം. ഇന്ത്യയുടെ ദേശീയമൃഗമാണ് കടുവ. 1973–ൽ ആണ് കടുവയ്ക്ക് ഈ പദവി ലഭിച്ചത്. അതിനുമുമ്പ് ആ സ്ഥാനത്ത് സിംഹമായിരുന്നു. 1973–ൽ ഇന്ത്യാ ഗവൺമെന്റ് കടുവകളുടെ സംരക്ഷണാർഥം പ്രോജക്ട് ടൈഗർ എന്ന പദ്ധതി നടപ്പാക്കി. അതു പ്രകാരം കേരളത്തിൽനിന്ന് തേക്കടി വന്യജീവി സങ്കേതത്തെ ഉൾപ്പെടുത്തി. അതിനെ പെരിയാർ ടൈഗർ റിസർവ് എന്ന് പുനർനാമകരണം ചെയ്തു.

ആൺകടുവകൾക്ക് 205– 221 കിലോഗ്രാം ഭാരമുണ്ടാകും. പെൺകടുവയുടെ ശരാശരി തൂക്കം 140 കിലോയാണ്. സസ്തനങ്ങളിലെ പൊതു നിയമമാണ് പെണ്ണിന് വലുപ്പം കുറഞ്ഞിരിക്കുക എന്നത്. മൃഗങ്ങളുടെ നീളമളക്കുക മൂക്കിന്റെ അറ്റം മുതൽ വാലിന്റെ അറ്റം വരെയാണ്. പൊക്കം അളക്കുക മുൻകാലിൽനിന്ന ചുമൽവരെയും. കടുവയ്ക്ക് 13 അടിയോളം നീളമുണ്ടാകും. 25 വയസ്സുവരെ ജീവിച്ചിരിക്കാറുണ്ട്.

കേരളത്തിലെ വനങ്ങളിൽ കാണുന്ന മാർജാര വർഗത്തിലെ മറ്റൊരു ജീവിയാണ് പുലി. മരത്തിൽ കയറാൻ പുലിയോളം കഴിവ് മാർജാരവർഗത്തിൽ മറ്റൊരു ജീവിക്കുമില്ല. മുതിർന്ന ആൺപുലിക്ക് രണ്ടുമീറ്ററിലേറെ നീളവും 70 കിലോഗ്രോമോളം ഭാരവും ഉണ്ടാകും. പെൺപുലിക്ക് പൊക്കവും നീളവും ഭാരവും കുറവാണ്. ഗർഭകാലം 90 മുതൽ 105 ദിവസം വരെയാണ്. രണ്ടുമുതൽ നാലുവരെ കുഞ്ഞുങ്ങൾ ഒരു പ്രസവത്തിലുണ്ടാകും.

പുലിയെയാണ് പുള്ളിപ്പുലിയെന്നും വിളിക്കുന്നത്. കരിമ്പുലിക്ക് കറുത്ത നിറമാണ്. ഈ നിറവ്യത്യാസത്തിനു കാരണം നിറം നൽകുന്ന ത്വക്ഗ്രന്ഥികളുടെ അഭാവമാണ്. അല്ലാതെ ഇതൊരു പ്രത്യേക ഇനമല്ല. ശ്രദ്ധിച്ചു നോക്കിയാൽ ഇതിന്റെ പുറത്തും അർധചന്ദ്രാകൃതിയിലുള്ള കലകൾ കാണാം. മാത്രമല്ല, ഈ പുലി സാധാരണ പുലിക്ക് ജന്മം കൊടുക്കാറുമുണ്ട്. മഴ കൂടുതലുള്ള കാടുകളിലാണ് കരിമ്പുലികളെ കാണാറുള്ളത്. കേരളത്തിൽ തെന്മല, ഇരവികുളം, പറമ്പിക്കുളം ഭാഗങ്ങളിൽ കരിമ്പുലികൾ ഉണ്ട്. ഇവയ്ക്ക് ശൗര്യം കൂടുതലാണ്.

പറമ്പിക്കുളം, നെയ്യാർ ഭാഗങ്ങളിൽ കാണുന്ന ഒരു മിശ്രഭുക്കാണ് കരടി (Sloth Bear). കരടിയുടെ വർഗക്കാരനായ ധ്രുവക്കരടി (പോളാർ ബിയർ) കരയിലെ ഏറ്റവും വലുപ്പം കൂടിയ മാംസഭോജിയാണ്. ധ്രുവക്കരടിയുടെ നിറം വെളുപ്പാണ്. സ്ലോത്ത് ബിയറിന് കറുപ്പുനിറമാണ്. രണ്ടരമുതൽ മൂന്നടിയോളമാണ് കരടിയുടെ ഉയരം. നാലര മുതൽ അഞ്ച് അടിയോളം നീളമുണ്ടാകും. ഭാരം 120 മുതൽ 140വരെ കിലോഗ്രാമാണ്. പഴങ്ങൾ, തേൻ, പുഴുക്കൾ, പഴങ്ങൾ, ചീഞ്ഞമാംസം, കിഴങ്ങുകൾ ഇവയാണ് പ്രധാന ആഹാരം. കരടിയുടെ ഗർഭകാലം ഏഴുമാസമാണ്. ഒരു പ്രസവത്തിൽ രണ്ടോ മൂന്നോ കുഞ്ഞുങ്ങൾ ജനിക്കാറുണ്ട്. കരടി വിശ്രമിക്കുന്നതും പ്രസവിച്ചുകിടക്കുന്നതും പാറയിടുക്കുകളിലും ഗുഹകളിലുമാണ്.

ഗോവർഗത്തിലെ ഏറ്റവും വലിയ മൃഗമാണ് കാട്ടുപോത്ത്. കേരളത്തിൽ ഏറ്റവും കൂടുതൽ കാട്ടുപോത്തുകളെ കാണാൻ കഴിയുന്നത് പറമ്പിക്കുളം വന്യജീവിസങ്കേതത്തിലാണ് (ഏറ്റവും കൂടുതൽ മൃഗങ്ങളെ നന്നായി അടുത്തുകാണാൻ സാധിക്കുന്ന കേരളത്തിലെ വന്യജീവി സങ്കേതം പറമ്പിക്കുളമാണ്. തേക്കടിയിൽ സാധാരണമായി ബോട്ടിലിരുന്നാണല്ലോ വന്യജീവികളെ കാണുന്നത്. പക്ഷേ, പറമ്പിക്കുളത്ത് ഇവയുടെ സമീപം മോട്ടോർ വാഹനങ്ങളിലോ നടന്നോ പോയി കാണാൻസാധിക്കും). മുതിർന്ന ആൺപോത്തുകൾക്ക് കറുപ്പുനിറവും പെൺപോത്തുകൾക്ക് തവിട്ടുനിറവുമാണ്. മുട്ടിനുതാഴെ വരുന്ന വെള്ളനിറം ആണിനും പെണ്ണിനും ഒരിക്കലും മാഞ്ഞുപോകില്ല. ഇതിന്റ ഗർഭകാലവും മറ്റുമെല്ലാം പശുവിന്റേതുപോലെ തന്നെ.

കേരളത്തിൽ മാൻവർഗത്തിലുള്ള നാലിനം ജീവികളുണ്ട്. മാനിനെപ്പോലെ കവികളുടെ തൂലികയ്ക്ക് പ്രചോദനമായ മറ്റൊരു സസ്തനം ഉണ്ടെന്നു തോന്നുന്നില്ല. കലമാൻ അഥവാ മ്ളാവ് (സാംബാർ) ആണ് ഇക്കൂട്ടത്തിലെ ഏററവും വലുപ്പമുള്ള ഇനം. പൂർണവളർച്ചയെത്തിയ ആണിന് 200 മുതൽ 250 കിലോഗ്രാം വരെ തൂക്കമുണ്ടാകും. പൊക്കം ഒന്നര മീറ്ററോളമാണ്. ആൺമാനിന് ഒരു വർഷം പ്രായമായാൽ കൊമ്പ് മുളയ്ക്കും. രണ്ടോ മൂന്നോ വയസ്സാകുമ്പോഴേക്കാണ് പ്രായപൂർത്തിയാകുന്നത്.

മാനുകളിൽ ഏറ്റവും ഭംഗി കൂടിയത് പുള്ളിമാനാണ്. ഇവ കൂട്ടമായിട്ടാണ് സഞ്ചരിക്കാറുള്ളത്. ആക്സിസ് ആക്സിസ് എന്ന് ശാസ്ത്രനാമമുള്ള ഇവയുടെ പ്രധാന ആഹാരം പുല്ലാണ്. മുതിർന്ന ആൺമാനിന് 80 മുതൽ 90 സെന്റീമീറ്റർവരെ പൊക്കമുണ്ടാകും. ഭാരം 150 മുതൽ 170 പൗണ്ട് വരെയും. കേഴമാൻ (ബാർക്കിങ് ഡിയർ) ആണ് മറ്റൊരിനം. ഇവ ഒരിക്കലും കൂട്ടമായി നടക്കാറില്ല. ഒന്നുകിൽ ഒറ്റയ്ക്ക് അല്ലെങ്കിൽ ഇണയുമായി. കേഴമാനിന് 50 മുതൽ 60 സെന്റീമീറ്റർ പൊക്കവും 20 കിലോഗ്രാമോളം തൂക്കവും ഉണ്ടാകും. മാനുകളിലെ കൊമ്പില്ലാത്ത ഇനമാണ് കൂരമാൻ (മൗസ് ഡിയർ).

കേരളത്തിൽ കാണുന്ന നായ്‌വർഗത്തിൽപ്പെട്ട നാലുജീവികളാണ് കാട്ടുനായ് (Wild Dog), കുറുക്കൻ അഥവാ ഊളൻ (Jackal), കുറുനരി (Fox), ചെന്നായ് (Wolf)എന്നിവ. നാട്ടിലെ നായയോട് സാദൃശ്യമുള്ള ജീവിയാണ് കാട്ടുനായ. നമ്മുടെ നാട്ടിലെ നായകൾ കാട്ടുനായയിൽനിന്നും യൂറോപ്പിലെ നായ്ക്കൾ ചെന്നായയിൽനിന്നും പരിണമിച്ചുണ്ടായവയെന്നാണ് വിശ്വാസം. കാട്ടുനായയുടെ ഗർഭകാലം 70 ദിവസമാണ്. ഇവയ്ക്ക് 12 മുലക്കണ്ണുകളുണ്ട്. മാംസാഹാരമാണ് പ്രിയം. കുറുക്കൻ കോഴിയെയും മറ്റും കൊന്നുതിന്നാറുണ്ട്. കുറുനരിക്ക് എലി പോലുള്ള ചെറിയ ജിവികൾ മതി. രണ്ടിനങ്ങളും ചില പഴ



ങ്ങളും കിഴങ്ങുകളും തിന്നാറുണ്ട്. രണ്ടിന്റെയും ആകൃതി ഏതാണ്ടൊരുവിധമാണ്. കുറുക്കന് ഭാരം 8–10 കിലോയോളം വരും. കുറുനരിക്ക് 2–3 കിലോയേ വരൂ. ഒരേ കുടുംബത്തിൽപ്പെട്ടവയാണെങ്കിലും നായയും കുറുക്കനും ബദ്ധശത്രുക്കളാണ്. കേരളത്തിൽ കുറുക്കൻമാരെ അപേക്ഷിച്ച് കുറുനരികൾ കുറവാണ്.

കേരളത്തിലെ കാടുകളിൽ വെള്ളത്തിൽ കഴിയുന്ന സസ്തനങ്ങളായി രണ്ടിനങ്ങളേയുള്ളൂ– സാധാരണ നീർനായയും (Common Otter)നഖമില്ലാത്ത നീർനായയും (Clawless Otter). ജലസംഭരണികളിലാണ് പ്രധാനമായും നീർനായ്ക്കൾ കാണപ്പെടുന്നതും. മീനാണ് പ്രധാന ആഹാരം. നഖമില്ലാത്ത നീർനായയെ കാണുന്നത് സമുദ്രനിരപ്പിൽനിന്ന് ആയിരം മീറ്ററിനുമേൽ ഉയരത്തിലുള്ള സ്ഥലങ്ങളിലെ ആറുകളിലും ജലാശയങ്ങളുമാണ്. നീർനായയോട് അടുത്തുബന്ധമുള്ള ജീവിയാണ് മരനായ(Nilgiri Marter).

വംശനാശത്തിന്റെ വക്കോളമെത്തിയ ഒരു ജീവിവർഗമാണ് വരയാട് (നീലഗിരി ട്രാഗസ്). ഇരവികുളം ദേശീയോദ്യാനത്തിൽ ഇവ സംരക്ഷിക്കപ്പെടുന്നു. ആടിന്റെ വർഗത്തിൽപ്പെട്ടതാണ് നീലഗിരി താർ എന്നുമറിയപ്പെടുന്ന ഈ മൃഗം. നാലായിരം അടിക്കും എണ്ണായിരം അടിക്കും ഇടയ്ക്ക് ഉയരമുള്ള പശ്ചിമഘട്ടം കുന്നുകളിൽ ഇവ കാണപ്പെടുന്നു. പുല്ലാണ് പ്രധാന ആഹാരം. കുഞ്ഞുങ്ങളെ മറ്റു മൃഗങ്ങളിൽനിന്ന് രക്ഷപെടുത്താനായി മറ്റുള്ള മൃഗങ്ങൾക്ക് ചെന്നുപറ്റാൻ കഴിയാത്ത കൊടുമുടികളിലാണ് ഈ ആടുകൾ പ്രസവിക്കാറുള്ളത്. ബ്രൗൺനിറമുള്ള ഇവ പ്രായമാകുന്നതോടെ കറുപ്പുനിറമാകുന്നു.

കേരളത്തിൽ വെരുകിന്റെ ഇനത്തിൽപ്പെട്ട മൂന്നു ജാതി മൃഗങ്ങളുണ്ട്. മരപ്പട്ടി (Toddy cat), ചെറുവെരുക് (Small Civet) , മലബാർ വെരുക് (Malabar Civet) . കീരികളും മൂന്നിനമാണുള്ളത്–സാധാരണ കീരി(Common Mongose), വരയൻ കീരി (Stripe Mongose), ചെങ്കീരി(Brown Mongose). വെരുകുകൾ സസ്യാഹാരം കൂടുതൽ ഇഷ്ടപ്പെടുമ്പോൾ കീരികൾക്ക് മുൻഗണന മാംസാഹാരത്തിനാണ്.

അണ്ണാൻ വർഗത്തിൽപ്പെട്ട മൂന്നു ജീവികളാണ് മലയണ്ണാൻ (Malabar Squirrel), മൂന്നു വരയുള്ള അണ്ണാൻ (Three Striped Squirrel), പറക്കുന്ന അണ്ണാൻ (Flying Squirrel) എന്നിവ. ഇവ മൂന്നും നന്നായി ഇണങ്ങുന്ന ജീവികളാണ്. കേരളത്തിലെ സസ്തനങ്ങളിൽ ചെതുമ്പലുള്ള ഏക ഇനമാണ് ഈനാംപേച്ചി (Indian Pangolin). ചിതലും ചിതൽമുട്ടകളുമാണ് പ്രധാന ആഹാരം. കേരളത്തിലെ സസ്തനങ്ങളിൽ മരങ്ങളിൽ വാൽചുറ്റി കിടക്കാനുള്ള കഴിവ് ഈ ജീവിക്കു മാത്രമേയുള്ളൂ.

പേര് മുള്ളൻപന്നിയെന്നാണെങ്കിലും പന്നിവർഗത്തിൽപ്പെട്ട ജീവിയല്ല മുള്ളൻപന്നി. എലിയുടെ വർഗത്തിൽപ്പെട്ട ഇവയ്ക്ക് ഭൂമി തുരക്കാൻ എലിയെക്കാളും വൈദഗ്ധ്യമുണ്ട്. രോമങ്ങൾ രൂപാന്തരം പ്രാപിച്ചതാണ് മുള്ളുകൾ. കേരളത്തിലെ എലികളിൽ ഏറ്റവും വലുത് പെരുച്ചാഴിയാണ്(Bandicoot) .

കേരളത്തിലെ കാടുകളിൽ ഏറ്റവും കൂടുതലുള്ള ജീവികളിലൊന്നാണ് കാട്ടുപന്നി (Wild Boar) . ഏറ്റവും കൂടുതലെണ്ണം ഒരുമിച്ചു നടക്കുന്ന ഇനവും ഇതാണ്. മുതിർന്ന ആൺകാട്ടുപന്നിക്ക് മൂന്നടിയോളം പൊക്കവും 200 കിലോഗ്രാമിലേറെ ഭാരവും ഉണ്ടാകും. ഇതിന്റെ കോമ്പല്ല് തേറ്റപോലെ 15 സെന്റീമീറ്റർ നീളത്തിനുമേൽ മുകളിലേക്ക് വളരാറുണ്ട്. നാലുമാസമാണ് ഗർഭകാലം. ഒരു പ്രസവത്തിൽ നാലുമുതൽ ആറുവരെ കുട്ടികൾ ജനിക്കാറുണ്ട്.

പറക്കുന്ന സസ്തനങ്ങളായ വവ്വാലും നരിച്ചീറും കേരളത്തിലെ വനങ്ങളിലുണ്ട്. പക്ഷികൾ തൂവൽ ഉപയോഗിച്ച് പറക്കുമ്പോൾ വവ്വാലുകളെ പറക്കാൻ സഹായിക്കുന്നത് ചർമമാണ്. ഈ ചർമം കൈവിരലുകളെ ബന്ധിപ്പിക്കുകയും കാലിന്റെ മുകൾഭാഗത്തുവച്ച് അവസാനിക്കുകയും ചെയ്യുന്നു. കാൽവിരലുകൾ സ്വതന്ത്രമാണ്. വവ്വാലിന് അരകിലോഗ്രാമിലധികം ഭാരമുണ്ടാകും. ചിറകുവിടർത്തിയാൽ നീളം ഒരു കിലോമീറ്ററിലധികം ഉണ്ടാകും. നരിച്ചീറിന് വവ്വാലിന്റെ കാൽഭാഗം വലുപ്പം വരില്ല.

കേരളത്തിലെ കാടുകളിൽ കാണപ്പെടുന്ന കുരങ്ങുകളാണ് നാടൻ കുരങ്ങ് (വെള്ളക്കുരങ്ങ്), കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ് (ശിങ്കളൻ), ഹനുമാൻ കുരങ്ങ് (മൂളിയാൻ) എന്നിവ. നാടൻ കുരങ്ങ് കാട്ടിലും നാട്ടിലുമുണ്ട്. നിത്യഹരിതവനമാണ് ശിങ്കളന്റെ ആവാസകേന്ദ്രം. കരിങ്കുരങ്ങ് നിത്യഹരിതവനത്തിലും ഇലപൊഴിയും കാടുകളിലുമുണ്ടാകും. ഹനുമാൻ കുരങ്ങ് വയനാട്ടിലും പറമ്പിക്കുളത്തുമുള്ള ഇലപൊഴിയും കാടുകളിലേയുള്ളൂ. കുരങ്ങിനോട് സാദൃശ്യമുള്ള ഒരു ജീവിയാണ് കുട്ടിത്തേവാങ്ക് (ലോറിസ്). കേരളത്തിലെ കാടുകളിൽ ധാരാളമായുള്ള ഒരു സസ്യഭുക്കാണ് മുയൽ. മാംസഭുക്കുകൾക്ക് ഇവയെ അനായാസം വേട്ടയാടാൻ കഴിയുമെന്നത് മുയലുകൾക്ക് എപ്പോഴും ആയുസ്സിന് ഭീഷണിയാണ്. ●